**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **23-01-2025 - ൽ മറുപടിയ്ക്ക്**

**ഉത്സവവേളകളിലെ ഭക്ഷ്യ ഗുണനിലവാര പരിശോധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്രിസ്തുമസ്-പുതുവത്സര വിപണിയിൽ കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ പ്രത്യേക പരിശോധനകൾ നടത്തിയിരുന്നോ; വിശദാംശം നൽകുമോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ 2024 ഡിസംബർ 19 മുതൽ 24 വരെ ക്രിസ്തുമസ് സ്ക്വാഡും, 2024 ഡിസംബർ 29 മുതൽ 31 വരെ പുതുവത്സര സ്ക്വാഡും രൂപീകരിച്ച് പരിശോധനകൾ നടത്തിയിരുന്നു. സംസ്ഥാനത്തെ ക്രിസ്തുമസ് പിരശോധനകളുടെ ഭാഗമായി 2861 പരിശോധനകൾ നടത്തുകയും 343 റെക്ടിഫിക്കേഷൻ നോട്ടീസും 249 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ 306 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 743 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പുതുവത്സര പരിശോധനകളുടെ ഭാഗമായി 1340 പരിശോധനകൾ നടത്തുകയും 182 റെക്ടിഫിക്കേഷൻ നോട്ടീസും 109 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ 39 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 284 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിശോധനകളിലെ കണ്ടെത്തലുകളും ഇവയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | ക്രിസ്തുമസ് പുതുവത്സര സ്ക്വാഡുകളുടെ ഭാഗമായി 345 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 1027 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ടി സാമ്പിളുകളുടെ പരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് ഗുണനിലവാരമില്ലായെന്ന് കണ്ടെത്തുന്ന പക്ഷം ടി ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തവർക്കെതിരെ പ്രോസിക്യൂഷൻ അഡ്ജുഡിക്കേഷൻ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതായിരിക്കും. മറ്റ് നിയമ ലംഘനങ്ങൾ കണ്ടെത്തിയവർക്കെതിരെ റെക്റ്റിഫിക്കേഷൻ നോട്ടീസ്, കോമ്പൗണ്ടിംഗ് നോട്ടീസ് എന്നിവ നൽകുകയും പിഴ ചുമത്തൽ, പ്രവർത്തനം നിർത്തിവയ്പ്പിക്കൽ തുടങ്ങിയ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന മറ്റ് നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ക്രിസ്തുമസ് പുതുവത്സര സ്ക്വാഡുകളുടെ ഭാഗമായി 70 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരം പരിശോധനകൾ തുടർസംവിധാനമാക്കി എല്ലാ ഉത്സവവേളകളിലും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ എല്ലാ ഉത്സവ സീസണുകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ